LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്ഥാപനങ്ങളുടെ ടൂറിസം പദ്ധതി

150 (1908) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധമായ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പാലോളി കമ്മിറ്റി ശിപാർശകൾ

151 (1909) ശ്രീ. എം. ഹംസ :
ശ്രീ. പി. വിശ്വൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന മുസ്ലിം പെൺകുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ബി) മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് സജ്ജരാകുന്നതിനായി എത്ര കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് ;

(സി) മുസ്ലിം വിദ്യാർത്ഥികൾക്ക് മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപ്പന്റുമാണ് നൽകുന്നത്.

(ബി) 5 കോച്ചിംഗ് സെന്ററുകൾ അനുവദിക്കുകയും അവയിൽ 3 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(സി) പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി ശിപാർശ നടപ്പാക്കുന്നതിന് രൂപീകരിച്ച സംസ്ഥാനതല കമ്മിറ്റിയുടെ 20-1-2010-ൽ ചേർന്ന യോഗത്തിൽ, മുസ്ലിം കേന്ദ്രീകൃത പ്രദേശങ്ങളിൽ മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തിടത്ത് സ്കൂളുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം

2-12-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം 41 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനും ഇതിന്റെയടിസ്ഥാനത്തിൽ വേണ്ട ശിപാർശകൾ സർക്കാർ മുമ്പാകെ സമർപ്പിക്കുന്നതിനുമായി 14 ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 22-4-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഇ.എം.എസ്. ഭവന പദ്ധതി

152 (1910) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ :

(ബി) കണ്ണൂർ ജില്ലയിലെ പാട്യം, മൊകേരി, പന്ന്യന്നൂർ, കരിയാട്, പെരിങ്ങളം, ചൊക്ലി, പാനൂർ, തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ്, ന്യൂ മാഹി ഗ്രാമപഞ്ചായത്തുകളിൽ എത്ര അപേക്ഷകൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചുവെന്ന് പഞ്ചായത്തുകളുടെയും ലഭിച്ചവരുടെയും പേരുകൾ സഹിതം വെളിപ്പെടുത്തുമോ :

(സി) പ്രസ്തുത പഞ്ചായത്തുകളിൽ ഇ.എം.എ.സ്. ഭവന പദ്ധതി പ്രകാരം എത്ര അപേക്ഷകർ ഉണ്ടെന്ന് പഞ്ചായത്തുകളുടെയും അപേക്ഷകരുടെയും പേരുകൾ സഹിതം വെളിപ്പെടുത്താമോ :

(ഡി) പ്രസ്തുത പഞ്ചായത്തുകളിലെ അപേക്ഷകരിൽ അർഹരായവർക്ക് പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ :

(ഇ) അർഹരായ അപേക്ഷകർക്ക് എപ്പോൾ വീട് ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 8244 വീടുകൾ നൽകിയിട്ടുണ്ട്. നഗരസഭകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്

(ബി) ഗ്രാമപഞ്ചായത്തുകളിലെ വിവിരങ്ങൾ താഴെചേർക്കുന്നു :

പാട്യം	-	138
മൊകേരി	-	17
പന്ന്യന്നൂർ	-	14
കരിയാട്	-	17

LIBRARY ARCHIVES Kerala Legislative Assembly